കേരള സർവകലാശാല

Re-accredited by NAAC with A++ GRADE

നം. പി.ആർ. **199/2026** തീയതി : **22/09/2026**

# പത്രക്കുറിപ്പ്

## കേരളസർവകലാശാല
## ബിരുദ പ്രവേശനം - 2026

## കോളേജ്തല സ്പോർട്സ് ക്വാട്ട സ്പോട്ട് അഡ്മിഷൻ
## സെപ്റ്റംബർ 24 വ്യാഴാഴ്ച

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ കോളേജുകളിലെയും ബിരുദ കോഴ്സുകളിലെ ഒഴിവുള്ള സ്പോർട്സ് ക്വാട്ട സീറ്റുകളിലേയ്ക്കുള്ള സ്പോട്ട് അഡ്മിഷൻ അതതു കോളേജുകളിൽ സെപ്റ്റംബർ **24** വ്യാഴാഴ്ച നടത്തുന്നതാണ്. സ്പോർട്സ് ക്വാട്ടയിൽ അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികൾക്കും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്.

എല്ലാ കോളേജുകളിലും എല്ലാ കോഴ്സുകൾക്കും ഒരേ ഷെഡ്യൂൾ തന്നെയാണ് സ്പോട്ട് അഡ്മിഷൻ നടത്തുന്നത്. അതിനാൽ ഒന്നിൽ കൂടുതൽ കോളേജുകളിൽ പങ്കെടുക്കാൻ രക്ഷകർത്താവ്/പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താവുന്നതാണ്. ഉച്ചയ്ക്ക് **12.00** മണിക്ക് മുൻപായി തന്നെ വിദ്യാർത്ഥിയോ പ്രതിനിധിയോ കോളേജിൽ ഹാജരാകേണ്ടതാണ്, **12.00** മണിക്ക് മുൻപായി ഹാജരാകുന്നവർക്ക് കോളേജ് തല റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ ആദ്യ പരിഗണന ലഭിക്കുന്നതാണ്. രക്ഷകർത്താവ്/ പ്രതിനിധിയാണ് ഹാജരാകുന്നതെങ്കിൽ അപേക്ഷയുടെ പ്രിന്റൗട്ട്, മാർക്ക് ലിസ്റ്റുകളുടെ പകർപ്പ് എന്നിവയോടൊപ്പം വിദ്യാർത്ഥി ഒപ്പിട്ട authorization letter ഉം ഹാജരാക്കണം.

വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് സന്ദർശിക്കുക https://admissions.keralauniversity.ac.in/fyugp2026. ഹെൽപ്പ്ലൈൻ നമ്പർ: **8281883052**.

## കേരളസർവകലാശാല
## ബിരുദാനന്തര ബിരുദ പ്രവേശനം - 2026
## കോളേജ്തല സ്പോർട്സ് ക്വാട്ട സ്പോട്ട് അഡ്മിഷൻ
## സെപ്റ്റംബർ 24 വ്യാഴാഴ്ച

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ കോളേജുകളിലെയും ബിരുദാനന്തര ബിരുദ കോഴ്സുകളിലെ ഒഴിവുള്ള സ്പോർട്സ് ക്വാട്ട സീറ്റുകളിലേയ്ക്കുള്ള സ്പോട്ട് അഡ്മിഷൻ അതതു കോളേജുകളിൽ സെപ്റ്റംബർ 24 വ്യാഴാഴ്ച നടത്തുന്നതാണ്. സ്പോർട്സ് ക്വാട്ടയിൽ അപേക്ഷിച്ച എല്ലാ വിദ്യാർത്ഥികൾക്കും ഈ അവസരം പ്രയോജനപ്പെടുത്താവുന്നതാണ്.

എല്ലാ കോളേജുകളിലും എല്ലാ കോഴ്സുകൾക്കും ഒരേ ഷെഡ്യൂൾ തന്നെയാണ് സ്പോട്ട് അഡ്മിഷൻ നടത്തുന്നത്. അതിനാൽ ഒന്നിൽ കൂടുതൽ കോളേജുകളിൽ

പങ്കെടുക്കാൻ രക്ഷകർത്താവ്/പ്രതിനിധിയുടെ സഹായം ഉപയോഗപ്പെടുത്താവുന്നതാണ്. ഉച്ചയ്ക്ക് 12.00 മണിക്ക് മുൻപായി തന്നെ വിദ്യാർത്ഥിയോ പ്രതിനിധിയോ കോളേജിൽ ഹാജരാകേണ്ടതാണ്, 12.00 മണിക്ക് മുൻപായി ഹാജരാകുന്നവർക്ക് കോളേജ് തല റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ ആദ്യ പരിഗണന ലഭിക്കുന്നതാണ്. രക്ഷകർത്താവ്/പ്രതിനിധിയാണ് ഹാജരാകുന്നതെങ്കിൽ അപേക്ഷയുടെ പ്രിന്റൗട്ട്, മാർക്ക് ലിസ്റ്റുകളുടെ പകർപ്പ് എന്നിവയോടൊപ്പം വിദ്യാർത്ഥി ഒപ്പിട്ട authorization letter ഉം ഹാജരാക്കണം.

വിശദവിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് സന്ദർശിക്കുക **https://admissions.keralauniversity.ac.in/pg**2026. ഹെൽപ്പ്ലൈൻ നമ്പർ: 8281883052.

## പരീക്ഷാ തീയതി പുനഃക്രമീകരിച്ചു

കേരള സർവകലാശാല 2026 സെപ്റ്റംബർ 24, 28 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാം സെമസ്റ്റർ ബിടെക് (2025 അഡ്മിഷൻ, യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ് കാര്യവട്ടം) ഡിഗ്രി പരീക്ഷകൾ യഥാക്രമം സെപ്റ്റംബർ 25, 29 തീയതികളിലേക്ക് പുനഃക്രമീകരിച്ചിരിക്കുന്നു. പരീക്ഷാകേന്ദ്രത്തിനോ സമയത്തിനോ മാറ്റമില്ല. അന്നേ ദിവസങ്ങളിലെ മറ്റ് പരീക്ഷകൾക്കും മാറ്റമില്ല.

## പരീക്ഷാവിജ്ഞാപനം

കേരള സർവകലാശാല 2026 ഒക്ടോബറിൽ നടത്തുന്ന എംഎ റഷ്യൻ ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ (പാർട്ട്ടൈം, 2023 - 2026 ബാച്ച്) ഫൈനൽ പരീക്ഷയുടെ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

കേരള സർവകലാശാല 2026 മാർച്ചിൽ നടത്തിയ ഒന്നാം സെമസ്റ്റർ ന്യൂജെനറേഷൻ ബിഎ ഇംഗ്ലീഷ് ആന്റ് മലയാളം ലിറ്ററേച്ചർസ്, ബിഎ ഇക്കണോമിക്സ് ആന്റ് മീഡിയ സ്റ്റഡീസ് ഡബിൾ മെയിൻ (മേഴ്സി ചാൻസ് - 2020 അഡ്മിഷൻ) പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കേണ്ട അവസാന തീയതി 2026 സെപ്റ്റംബർ 29. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരള സർവകലാശാല 2026 ജൂണിൽ നടത്തിയ എംഎ മാനുസ്ക്രിപ്റ്റോളജി ആന്റ് പാലിയോഗ്രഫി (2024 - 26), സി.എസ്.എസ്. പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

## സീറ്റൊഴിവ്

കേരള സർവകലാശാല അറബി വിഭാഗം നടത്തി വരുന്ന അറബിക് ടൈപ്പിംഗ് കോഴ്സിലേക്ക് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. യോഗ്യത : എസ്.എസ്.എൽ.സി/തത്തുല്യം അഡ്മിഷന് സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം 2026 സെപ്റ്റംബർ 25 ന് മുൻപായി കാര്യവട്ടത്തുള്ള അറബി പഠന വകുപ്പിൽ എത്തുക.. വിശദവിവരങ്ങൾക്ക്: 9633812633, 0471-2308846 (ഓഫീസ്).

## ടൈംടേബിൾ

കേരള സർവകലാശാലയുടെ ആറാം സെമസ്റ്റർ ബിഎ, ബിഎസ്‌സി, ബികോം, ബിബിഎ, ബിസിഎ, ബിപിഎ, ബിഎംഎസ്, ബിഎസ്ഡബ്ല്യു എന്നീ സി.ബി.സി.എസ്.എസ്. (സി.ആർ.) (സപ്ലിമെന്ററി - 2022 & 2023 അഡ്മിഷൻ, മേഴ്‌സി ചാൻസ് - 2014 - 2016 അഡ്മിഷൻ) സെപ്റ്റംബർ 2026 പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരള സർവകലാശാല 2026 ഒക്ടോബർ 5 മുതൽ നടത്താൻ നിശ്ചയിച്ചിരുന്ന ബികോം (വിദൂരവിദ്യാഭ്യാസം) കോഴ്‌സിന്റെ മൂന്ന്, നാല് സെമസ്റ്റർ (സപ്ലിമെന്ററി – 2022, 2021 അഡ്മിഷൻ) പരീക്ഷയുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സ്പോർട്സ് സ്കോളർഷിപ്പ്

2024-25 ലെ സൗത്ത് സോൺ/ഓൾ ഇന്ത്യാ അന്തർ സർവകലാശാല മത്സരങ്ങളിൽ കേരള സർവകലാശാലയെ പ്രതിനിധീകരിച്ച് പങ്കെടുത്ത് മെഡൽ കരസ്ഥമാക്കിയ കായിക താരങ്ങൾക്കുള്ള കേരള സർവകലാശാല സ്പോർട്സ് സ്കോളർഷിപ്പുകളുടെ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.



**വന്ദന മോഹൻദാസ്**
പബ്ലിക് റിലേഷൻസ് ഓഫീസർ
**E-mail:** ku.release@keralauniversity.ac.in

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in
***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**